"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ജി.ആർ.എഫ്.ടി.എച്ച്. സ്കൂളുകളിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.91/2026/F&P തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 25/11/2025, 03/01/2026 എന്നീ തീയതികളിലെ DFTVM/3822/2025-N2 നമ്പർ കത്തുകൾ

**ഉത്തരവ്**

ഫിഷറീസ് വകുപ്പിന് കീഴിലുള്ള പത്ത് ജി.ആർ.എഫ്.ടി.എച്ച്. സ്ക്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളാണ് നിലവിൽ താമസിച്ചു പഠിക്കുന്നത്. ഇവർക്ക് പഠന താമസ സൗകര്യങ്ങൾ തികച്ചും സൗജന്യമായാണ് നൽകി വരുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കളായ വിദ്യാർത്ഥികൾക്ക് കൂടി പ്രസ്തുത സ്ക്കുളുകളിൽ പ്രവേശനം നൽകുന്നത് വഴി ടി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അവരുടെ ഭാവി സുരക്ഷിതമാക്കാനും അതുവഴി അനുബന്ധ മത്സ്യത്തൊഴിലാളികളുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണുവാനും കഴിയുമെന്നും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ, അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് കൂടി ഫിഷറീസ് വകുപ്പിന് കീഴിലുള്ള ജി.ആർ.എഫ്.ടി.എച്ച്. സ്ക്കൂളുകളിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനുബന്ധ മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ജി.ആർ.എഫ്.ടി.എച്ച്. സ്കൂളുകളിലെ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (C2/397/2025/F&P നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 02-02-2026 12:19:52

സെക്ഷൻ ഓഫീസർ